# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ നടന്ന 18-ാമത് ബ്രിക്സ് ഉച്ചകോടി വികസനോന്മുഖമായ ഫലങ്ങൾ കൈവരിച്ചതായി ഇന്ത്യ. ഉച്ചകോടിയുടെ വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അഭിനന്ദിച്ച് അംഗരാജ്യങ്ങൾ.

   **India says the 18th BRICS Summit delivered development-oriented outcomes. Prime Minister Narendra Modi has been congratulated for the successful conduct of the summit.**

2. രാജ്യത്തുടനീളം ഇന്ന് ഹിന്ദി ദിവസ് ആചരിക്കുന്നു. ബഹുഭാഷാ സാന്നിധ്യം രാജ്യത്തിന്റെ ഏറ്റവും വലിയ കരുത്തെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Today is Hindi Diwas. Union Home Minister Amit Shah says the country's multilingual feature is its greatest strength.**

3. കേരള സന്ദർശനത്തിനെത്തിയ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി വി. ഡി. സതീശൻ എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

   **Malaysian Prime Minister Anwar Ibrahim, who is on a visit to Kerala, will meet Kerala Governor Rajendra Vishwanath Arlekar and Chief Minister V.D.Satheesan today.**

4. സംസ്ഥാനത്ത് 38 തദ്ദേശഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

The deadline for withdrawal of nomination papers for the by-election to 38 local body wards in the state ends today.

5. ഉത്തരേന്ത്യയിൽ ശക്തമായ മഴ തുടരുന്നു. കേരളത്തിലും ഇന്നും വ്യാപക മഴയ്ക്ക് സാധ്യത.

Heavy rain continues in North India. Widespread rain likely to continue in Kerala today.

6. യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം ജർമ്മനിയുടെ അലക്സാണ്ടർ സ്വെരെവിന്.

Germany's Alexander Zverev has won the US Open men's singles title.

*********************************************

## MEA – BRICS

18-ാമത് ബ്രിക്സ് ഉച്ചകോടി നിരവധി വികസനോന്മുഖമായ ഫലങ്ങൾ കൈവരിച്ചതായി വിദേശകാര്യ മന്ത്രാലയം. വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷസ്ഥാനത്തിന്റെ സുപ്രധാന നേട്ടമാണെന്നും വിദേശകാര്യ മന്ത്രാലയത്തിലെ സാമ്പത്തികകാര്യ സെക്രട്ടറി സുധാകർ ദലേല പറഞ്ഞു. ഉച്ചകോടി ഫലപ്രദവും ക്രിയാത്മകവുമാക്കി മാറ്റിയതിന് അംഗരാജ്യങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നന്ദി അറിയിച്ചു.

*********************************************

## RAJNATH – BRICS SUMMIT

ന്യൂഡൽഹിയിൽ നടന്ന 2026-ലെ ബ്രിക്സ് ഉച്ചകോടിയുടെ വിജയത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അഭിനന്ദിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഉച്ചകോടിയുടെ വിജയം അന്താരാഷ്ട്ര തലത്തിൽ മായ്ക്കാനാവാത്ത മുദ്ര പതിപ്പിച്ചതായി അദ്ദേഹം പറഞ്ഞു. ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി ഒപ്പുവെച്ച

ചരിത്രപ്രസിദ്ധമായ 'ന്യൂഡൽഹി പ്രഖ്യാപനം' കേവലം ഒരു രേഖ മാത്രമല്ലെന്നും, ഇന്ത്യയ്ക്ക് ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന സ്വാധീനത്തിന്റെ തെളിവാണെന്നും അദ്ദേഹം പറഞ്ഞു. ഉച്ചകോടിയുടെ വിജയത്തിൽ ബ്രിക്സ് അംഗരാജ്യങ്ങളിലെ നേതാക്കൾ പ്രധാനമന്ത്രിയെ അഭിനന്ദിച്ചു.

*****************************************************

## HINDI DIWAS

രാജ്യത്തുടനീളം ഇന്ന് ഹിന്ദി ദിവസ് ആചരിക്കുന്നു. 1949 സെപ്റ്റംബർ 14 നാണ് ഔദ്യോഗിക ഭാഷയായി ഭരണഘടനാ നിർമ്മാണ സഭ ഹിന്ദി അംഗീകരിച്ചത്. ലോകത്ത് ഏറ്റവുമധികം ജനങ്ങൾ സംസാരിക്കുന്ന ഭാഷകളിൽ ഒന്നായ ഹിന്ദി, 52 കോടിയിലധികം ജനങ്ങളുടെ മാതൃഭാഷ കൂടിയാണ്..

*****************************************************

## SHAH- HINDI DIWAS (INTRO)

ബഹുഭാഷാ സാന്നിധ്യം രാജ്യത്തിന്റെ ഏറ്റവും വലിയ കരുത്തെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഹിന്ദി ദിനാചരണത്തോടനുബന്ധിച്ച് പങ്കുവെച്ച വീഡിയോ സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഹിന്ദി ഭാഷ മറ്റ് പ്രാദേശിക ഭാഷകൾക്ക് ഒരു എതിരാളിയല്ലെന്നും, ദേശീയ ഐക്യത്തിന്റെ സുപ്രധാനമായ കണ്ണിയാണെന്നും അദ്ദേഹം പറഞ്ഞു. കൊളോണിയൽ മനോഭാവത്തിൽ നിന്ന് മുക്തി നേടുന്നതിൽ ഭാഷയ്ക്ക് വലിയ പങ്കുണ്ടെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

*****************************************************

## BANGLADESH-INDIA BILATERAL

ബഹുരാഷ്ട്ര വേദികളിലൂടെയല്ലാതെ, ഉഭയകക്ഷി ചർച്ചകളിലൂടെ ഇന്ത്യയുമായി പുതിയൊരു ബന്ധം കെട്ടിപ്പടുക്കാനാണ് ബംഗ്ലാദേശ്

ആഗ്രഹിക്കുന്നതെന്ന് വിദേശകാര്യ സഹമന്ത്രി ഹുമയൂൺ കബീർ. ബംഗ്ലാദേശ്-ഇന്ത്യ അതിർത്തി പ്രശനങ്ങൾ, അന്താരാഷ്ട്ര നിയമങ്ങൾ, ഉഭയകക്ഷി കരാറുകൾ എന്നിവ പാലിച്ചുകൊണ്ട് നയതന്ത്ര ചർച്ചകളിലൂടെ പരിഹരിക്കാൻ ശ്രമിക്കുമെന്നും അദ്ദേഹം ധാക്കയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

*******************************************************

## MALAYSIAN PRIME MINISTER

കേരള സന്ദർശനത്തിന്റെ ഭാഗമായി കോഴിക്കോട്ടെത്തിയ മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി വി.ഡി.സതീശൻ എന്നിവരുമായി കൂടിക്കാഴ്ച നടത്തും. വ്യാപാരം, നിക്ഷേപം, ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തെക്കുറിച്ച് ചർച്ച ചെയ്യും.

*******************************************************

## POWER RESTRICTIONS PALAKKAD (INTRO)

സംസ്ഥാനത്തെ വൈദ്യുതി നിയന്ത്രണം പാലക്കാട് കഞ്ചിക്കോട് വ്യവസായമേഖലയെയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിലായി വലിയ ഉല്പാദന നഷ്ടമാണ് മേഖലയിൽ ഉണ്ടായിരിക്കുന്നത് .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ ആലിമുത്ത്...**

(വോയ്സ് )

*******************************************************

## SUNNY JOSEPH

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രമം തുടരുന്നതായി മന്ത്രി സണ്ണി ജോസഫ്. കുറഞ്ഞ നിരക്കിൽ

വൈദ്യുതി ലഭ്യമാക്കാൻ NTPC യുമായി ചർച്ച നടത്തുന്നതായും അദ്ദേഹം വ്യക്തമാക്കി. ആര്യാടൻ മുഹമ്മദിന്റെ റദ്ദാക്കപ്പെട്ട വൈദ്യുതി കരാർ പുനഃസ്ഥാപിക്കാനുള്ള നിയമനടപടിയുമായി മുന്നോട്ടു പോവുകയാണെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുമായും ചർച്ച നടത്തുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

*********************************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*********************************************************

## BY-ELECTION

കേരളത്തിലെ 38 തദ്ദേശഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം ഇന്ന്. ഈ മാസം 28 ന് വോട്ടെടുപ്പ് നടക്കും. 29 നാണ് ഫലപ്രഖ്യാപനം.

*********************************************************

## VINAYAKA CHATURTHI (INTRO)

ഇന്ന് വിനായക ചതുർഥി. രാജ്യത്തിൻറെ വിവിധയിടങ്ങളിൽ ആഘോഷ പരിപാടികൾ നടക്കുകയാണ്. ഗണപതി ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും നടക്കും. ഗണേശ വിഗ്രഹങ്ങൾ ജലാശയങ്ങളിൽ നിമജ്ജനം ചെയ്യുന്ന ചടങ്ങോടെ ആഘോഷങ്ങൾക്ക് സമാപമാകും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉൾപ്പെടെയുള്ള പ്രമുഖർ ജനങ്ങൾക്ക് ഗണേശ ചതുർത്ഥി ആശംസകൾ നേർന്നു. വിനായകചതുർഥി ആഘോഷത്തിൻറെ ഭാഗമായി കോട്ടയം മള്ളിയൂർ മഹാഗണപതി ക്ഷേത്രത്തിൽ ആയിരക്കണക്കിന് ഭക്തരാണ്

ഒഴുകിയെത്തുന്നത്. ക്ഷേത്രത്തിൽ ഇന്ന് പ്രത്യേക പൂജകളും നടക്കുന്നുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ.......**

(വോയ്സ്)

*******************************************************

## TEDROS-HEALTH COOPERATION

ശക്തമായ ആരോഗ്യ സഹകരണം, നവീകരണം, പ്രതിരോധശേഷി, സുസ്ഥിര ധനസഹായം എന്നിവയ്ക്ക് ആഹ്വാനം ചെയ്ത് ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ടെഡ്രോസ് അഥനോം ഗബ്രിയോസിസ്. ബ്രിക്സ് ഉച്ചകോടിയുടെ നാല് പ്രധാന പ്രമേയങ്ങൾ ആഗോള ആരോഗ്യ മേഖലയുമായി നേരിട്ട് ബന്ധമുള്ളതാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. പ്രാഥമിക ആരോഗ്യ സംരക്ഷണം, രോഗ നിരീക്ഷണം, മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ ശക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

*******************************************************

## INDIA-OMAN VESSEL

ഒമാൻ തീരത്ത് വാണിജ്യകപ്പലായ 'MT - EL ഗായ'യ്ക്ക് നേരെ ഉണ്ടായ ആക്രമണത്തെ ശക്തമായി അപലപിച്ച് ഇന്ത്യ. കാണാതായ ഒരാൾക്കായുള്ള തിരച്ചിൽ തുടരുകയാണെന്നും ഇതുവരെ 13 ഇന്ത്യാക്കാരെ രക്ഷപ്പെടുത്തിയതായും ഒമാനിലെ ഇന്ത്യൻ എംബസി പ്രസ്താവനയിൽ അറിയിച്ചു. സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും, ഒമാൻ അധികൃതരുമായി ചേർന്ന് രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായും എംബസി അറിയിച്ചു. ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തുന്നതിൽ ഒമാൻ അധികൃതർ നൽകിയ പിന്തുണയ്ക്ക് എംബസി നന്ദി അറിയിക്കുകയും ചെയ്തു.

*******************************************************

## IMD WEATHER

പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഗുജറാത്തിൽ അതിശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം, തമിഴ്നാട്, കർണാടക ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും നാളെ വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും സാധ്യതയുള്ളതായും മുന്നറിയിപ്പുണ്ട്.

*******************************************************

## KERALA RAIN

കേരളത്തിൽ ഇന്ന് മുതൽ പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

*******************************************************

## US OPEN TENNIS

യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കിരീടം ജർമ്മനിയുടെ അലക്സാണ്ടർ സ്വെറെവിന്. ന്യൂയോർക്കിൽ നടന്ന ഫൈനൽ മത്സരത്തിൽ അമേരിക്കയുടെ ബെൻ ഷെൽട്ടനെ 6–3, 7–6, 5–7, 6–2 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് കിരീട നേട്ടം.

*******************************************************

## FUR REV PREZ VP PM – INDIA ASIA CUP

ഏഷ്യാ കപ്പ് വനിതാ ടി - 20 ക്രിക്കറ്റ് ജേതാക്കളായ ഇന്ത്യൻ ടീമിനെ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള പ്രമുഖർ അഭിനന്ദിച്ചു. വനിതകളുടെ നേട്ടം രാജ്യത്തിന് മുഴുവൻ അഭിമാനമാണെന്ന് രാഷ്ട്രപതി പറഞ്ഞു.

*******************************************************

## BANGLADESH-MEASLES-DENGUE

ബംഗ്ലാദേശിൽ അഞ്ചാംപനി ബാധിച്ച് മരിച്ചവരുടെ എണ്ണം 1,022 ആയി ഉയർന്നു. ഡെങ്കിപ്പനി ബാധിച്ച് ഈ വർഷം ഇതുവരെ 149 പേർ മരിച്ചതായും ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഡയറക്ടറേറ്റ് ജനറൽ ഓഫ് ഹെൽത്ത് സർവീസസിന്റെ കണക്കുകൾ പ്രകാരം, കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ അഞ്ചാംപനി ലക്ഷണങ്ങളോടെ 7 കുട്ടികൾ മരിച്ചു.

*********************************************

## NEW HOCKEY-JR ASIA CUP

ഹോക്കിയിൽ ജൂനിയർ ഏഷ്യാ കപ്പ് പുരുഷ-വനിതാ കിരീടങ്ങൾ ഇന്ത്യക്ക്. ആതിഥേയരായ ചൈനയെ തോൽപ്പിച്ചാണ് വനിതാ ടീം തുടർച്ചയായ മൂന്നാം തവണയും കിരീടം സ്വന്തമാക്കിയത്.

*****************************************************************************************